# ഭരണഭാഷ - മാതൃഭാഷ


## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

സാങ്കേതികം - വിദ്യാഭ്യാസം - സർക്കാർ പോളിടെക്നിക് കോളേജ്, വണ്ടിപ്പെരിയാർ- കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ ശ്രീമതി.രാധു പി ആർ- കെ എസ് . ആർ ഭാഗം I അനുബന്ധം XII C പ്രകാരം അനുവദിച്ച ശൂന്യവേതനാവധി കഴിഞ്ഞു തിരികെ ജോലിയിൽ പുനഃപ്രവേശിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: EC3/3884/19/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 19.01.2024

---

വായന:- 1. ഈ ഓഫീസിലെ 23/10/2019 ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 01/02/2022 ലെ ഇതേ നമ്പർ ഉത്തരവ്.
3. ശ്രീമതി.രാധു പി ആർ ന്റെ 28/12/2023 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

വണ്ടിപ്പെരിയാർ സർക്കാർ പോളിടെക്നിക് കോളേജിൽ, കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി.രാധു പി ആർ ന പരാമർശം (1) ഉത്തരവു പ്രകാരം കെ. എസ്. ആർ ഭാഗം I അനുബന്ധം XII സി അനുസരിച്ച്, വിദേശത്തു ജോലി ചെയ്യുന്ന ഭർത്താവിനൊപ്പം താമസിക്കുന്നതിനായി, 01/02/2019 മുതൽ 3 വർഷത്തേക്കും, പരാമർശം (2) ഉത്തരവു പ്രകാരം തുടർന്ന് 2 വർഷത്തേക്കും ഉൾപ്പെടെ ആകെ 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചു ഉത്തരവായിരുന്നു. 31/01/2024 ൽ ശൂന്യവേതനാവധി അവസാനിക്കുന്നതിനാൽ 01/02/2024 ൽ തിരികെ ജോലിയിൽ പുനഃ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ടിയാൻറെ അപേക്ഷ പരിഗണിച്ച്, ഇക്കൊല്ലത്തെ പൊതു സ്ഥലം മാറ്റത്തിന് വിധേയമായി, കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിൽ നിലവിലുള്ള തുറന്ന ഒഴിവിൽ, ശ്രീമതി.രാധു പി ആർ ന് ജോലിയിൽ പുനഃ പ്രവേശിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ശ്രീമതി.രാധു പി ആർ ന്റെ ചേരും കാലം സ്ഥാപനമേധാവി RTC സഹിതം ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

പകർപ്പ്
1. പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക് കോളേജ്, വണ്ടിപ്പെരിയാർ.
2. പ്രിൻസിപ്പൽ, സർക്കാർ പോളിടെക്നിക് കോളേജ്, കളമശ്ശേരി
3. ശ്രീമതി. രാധു പി ആർ, ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിങ്
3.അക്കൌണ്ടൻറ് ജനറൽ (എ&ഇ), കേരള കോട്ടയം
4.സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 19.01.2024
Reason: Approved

The document is digitally approved. Hence signature is not needed.

Draft #5 of File EC3/3884/19/DTE Approved by Senior Joint Director (PS) on 19-Jan-2024 04:16 PM - Page 1